GE-DA2/211/2023-G.EDN

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്-ശ്രീമതി മായ.എം.ജി, മുൻ ജൂനിയർ സൂപ്രണ്ട്, മേഖലാ ഉപമേധാവിയുടെ കാര്യാലയം, ചെങ്ങന്നൂർ - അച്ചടക്കനടപടി-ഒഴിവാക്കി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.**10295/2025/GEDN** തീയതി,തിരുവനന്തപുരം, **16-12-2025**

---

പരാമർശം:-

1. **02.06.2023** ലെ സ.ഉ(സാധാ) നം **3211/2023**/പൊവിവ
2. **04.08.2023** ലെ സ.ഉ(സാധാ) നം **4439/2023**/പൊവിവ
3. **18.11.2023** ലെ **DA2/211/2023** നം കുറ്റപത്രം
4. ശ്രീമതി.മായ.എം.ജി സമർപ്പിച്ച **18.12.2023** ലെ പ്രതിവാദപത്രിക
5. **27.08.2024** ലെ സ.ഉ(സാധാ) നം **5266/2024**/പൊവിവ

**ഉത്തരവ്**

ചെങ്ങന്നൂർ ആർ.ഡി.ഡി ഓഫീസിന്റെ പ്രവർത്തനം സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിൽ ലഭ്യമായതിനാൽ ടി ഓഫീസിൽ സർക്കാർ തലത്തിൽ **20.05.2023, 24.05.2023, 25.05.2023** എന്നീ ദിവസങ്ങളിൽ നടത്തിയ ആകസ്മിക പരിശോധനയിൽ നിരവധി ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

**2. 05.09.2022**-ലെ **5265/C9/2022/RDD/CNGR** എന്ന ഉത്തരവ് ആർ.ഡി.ഡി/എ.ഒ എന്നിവരുടെ ഉത്തരവില്ലാതെ വ്യാജമായി തയ്യാറാക്കിയ വിഷയത്തിലും സൂപ്പർവൈസറി വീഴ്ച വരുത്തിയതിലും ജൂനിയർ സൂപ്രണ്ട് ശ്രീമതി മായ എംജി -യ്ക്കെതിരെ **KCS CCA R 15** പ്രകാരം അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാളെ പരാമർശം( **1**) പ്രകാരം സസ്പെന്റ് ചെയ്യുകയും ടിയാൾക്ക് പരാമർശം (**3**) പ്രകാരം കുറ്റപത്രം കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ചെയ്തിരുന്നു.

**3.** ആയതിന് ടിയാൾ പരാമർശം(**3**) പ്രകാരം സമർപ്പിച്ച പ്രതിവാദപത്രികയിലെ വാദം തൃപ്തികരമല്ലാത്തതിനാൽ ടിയാൾക്കെതിരെ ആരംഭിച്ച അച്ചടക്കനടപടി തുടരാനും ആയതിന്റെ ഭാഗമായി ഔപചാരിക അന്വേഷണം നടത്തുന്നതിന് ഹയർ സെക്കൻഡറി ഡയറക്ടറേറ്റിലെ ജോയിൻറ് ഡയറക്ടർ (അക്കാദമിക്)-നെ ചുമതലപ്പെടുത്തിയും പരാമർശം(**5**) പ്രകാരം ഉത്തരവായിരുന്നു. ടിയാളുടെ ഭാഗത്ത് നിന്നും വീഴ്ച വന്നിട്ടുണ്ടെന്ന് ഔപചാരിക അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ 5265/C10/2022 എന്ന ഫയലിൽ ശ്രീ സതീഷ് കുമാറിൻറെ ശമ്പളം കൈപ്പറ്റിയ വിവരങ്ങളടക്കമുള്ള രേഖകൾ ശേഖരിക്കുന്നതിനും 3/9/2022 ലെ നോട്ട് (6) പ്രകാരം ടിയാളുടെ സസ്പെൻഷൻ കാലയളവ് ക്രമപ്പെടുത്തുന്നതിനും ജൂനിയർ സൂപ്രണ്ട്, അന്ന് ചുമതല വഹിച്ചിരുന്ന AO റിസ പാർവേസ്, ആർഡിഡി എന്നിവർ അനുമതി നൽകി ഒപ്പ് വച്ചിട്ടുള്ളതായും 5/9/22 ൻറെ, കരട് പ്രൊസീഡിംഗ്സിൽ അക്കൗണ്ട്സ് ഓഫീസറായ റിസ പാർവ്വേസ് ഒപ്പ് വച്ച് അനുമതി നൽകിയിട്ടുള്ളതായും കാണുന്നു. എന്നാൽ ടി ആഫീസിലെ അക്കൗണ്ട്സ് ഓഫീസർ പ്രൊസീഡിംഗ്സ് പുറപ്പെടുവിക്കാനായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിരുന്ന ഒപ്പ് പിന്നീട് വെട്ടിമാറ്റുകയും ടി വിഷയത്തിൽ ഡിജിഇയുടെ സ്പഷ്ടീകരണം ആവശ്യപ്പെടണം എന്നു രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ ടിയാൾ കരട് നടപടിക്രമത്തിൽ നൽകിയ അനുമതി അതുപോലെ നിലനിൽക്കുന്നതുമായാണ് കാണുന്നത്.

5. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കാനായി ആർഡിഡിയും എഒയും അനുമതി നൽകിയിട്ടുള്ളതിൽ നിന്നും ടി ആഫീസിൽ അന്ന് ജൂനിയർ സൂപ്രണ്ടായി ചുമതല വഹിച്ചിരുന്ന ശ്രീമതി മായ എം.ജിക്ക് മേൽ ചുമത്തിയിരിക്കുന്ന കുറ്റങ്ങൾ നിലനിൽക്കുന്നതല്ല എന്ന് കാണുകയുണ്ടായി . ശ്രീമതി മായ എം ജി-യുടെ ഭാഗത്ത് നിന്നും വീഴ്ച ഒന്നും സംഭവിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ടിയാൾക്കെതിരെ പരാമർശം(3) പ്രകാരം ആരംഭിച്ച അച്ചടക്കനടപടി ഒഴിവാക്കി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ ആർ
ഡെപ്യൂട്ടി സെക്രട്ടറി

1. ഹയർസെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
2.ശ്രീമതി മായ എം ജി(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
5. വെബ്(കൈറ്റ്സ്/ന്യൂ മീഡിയ)
6. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
സെക്ഷൻ ഓഫീസർ
Date: 17-12-2025 10:38:02

പകർപ്പ്:-

ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ പി.എ-യ്ക്ക്